ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 09.07.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ബഹുരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി നമീബിയയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി നമീബിയൻ പ്രസിഡന്റുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി; വിവിധ ധാരണാ പത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പു വെച്ചു.

   **Prime Minister Narendra Modi, who arrived in Namibia as part of a multi-nation visit, held bilateral talks with the Namibian President; the two countries signed various MoUs.**

2. സംയുക്ത പ്രതിപക്ഷ ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്ത രാജ്യവ്യാപക പണിമുടക്കിന് കേരളത്തിൽ സമ്മിശ്ര പ്രതികരണം; പണിമുടക്ക് പൊതുഗതാഗത സേവനങ്ങളെ ബാധിച്ചു.

   **There was a mixed response in Kerala to the nationwide strike called by the joint opposition trade unions; the strike affected public transport services.**

3. തിരുവനന്തപുരം കാര്യവട്ടം **LNCPE** യിലെ പുതിയ മെഡിക്കൽ സെൻറർ കേന്ദ്ര കായിക സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ നാളെ ഉദ്ഘാടനം ചെയ്യും.

**Union Minister of State for Sports Raksha Nikhil Khadse will inaugurate the new medical centre at LNCPE, Karyavattom, Thiruvananthapuram tomorrow.**

4. കേരളത്തിൽ നിപ വ്യാപനത്തിനെതിരെ കർശന ജാഗ്രത തുടരുന്നു; മലപ്പുറത്ത് സമ്പർക്ക പട്ടികയിൽ ചികിത്സയിലായിരിക്കെ മരിച്ച സ്ത്രീയുടെ പരിശോധനാ ഫലം നെഗറ്റീവ്.

**Strict vigilance continues against the spread of Nipah in Kerala; the test result of the woman who died while undergoing treatment on the contact list in Malappuram became negative.**

5. ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് നാളെ വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും.

**The third match of the India-England Test cricket series will begin tomorrow in Westminster, England.**

&&&&&&&&&&&&&&&&&&

## PM - NAMIBIA

ബഹുരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി നമീബിയയുടെ തലസ്ഥാനമായ വിൻഹോക്കിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി - നമീബിയൻ പ്രസിഡൻറ് നെതുംബോ നന്ദി-ൻഡൈത്വയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. രാജ്യങ്ങൾ

തമ്മിൽ സഹകരണത്തിൻറെ പുതിയ മേഖലകൾ കണ്ടെത്തുക, സാമ്പത്തിക പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കുക എന്നീ ലക്ഷ്യങ്ങളോടെയായിരുന്നു ചർച്ചകൾ. നമീബിയയിൽ സംരംഭകത്വ വികസന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഇന്ത്യയും നമീബിയയും ഒപ്പുവച്ചു. ആരോഗ്യ, വൈദ്യശാസ്ത്ര മേഖലയിലെ സഹകരണത്തിനായുള്ള ധാരണാപത്രത്തിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് നൽകിയ സംഭാവനകൾക്കുള്ള അംഗീകാരമായി ശ്രീ മോദിക്ക് നമീബിയയുടെ പരമോന്നത സിവിലിയൻ ബഹുമതി നൽകി. 140 കോടി ജനങ്ങളുടെ പ്രതിനിധിയായി ബഹുമതി സ്വീകരിക്കുന്നതിൽ അഭിമാനമുണ്ടെന്ന് പുരസ്കാരം സ്വീകരിച്ചു കൊണ്ട് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

പ്രധാനമന്ത്രി ഇന്ന് നമീബിയൻ പാർലമെന്റിനേയും അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## JNU-CONFERENCE

ജെഎൻയു സർവകലാശാലയുടെ 'ഇന്ത്യൻ വിജ്ഞാന വ്യവസ്ഥകൾ' എന്ന വിഷയത്തിലുള്ള ഒന്നാം വാർഷിക അക്കാദമിക് സമ്മേളനം ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ ഉദ്ഘാടനം ചെയ്യും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളും പങ്കെടുക്കും. ആയുഷ് മന്ത്രാലയവുമായി സഹകരിച്ചാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. സമ്മേളനത്തിൽ വിവിധ വിഷയങ്ങളിലെ പാനൽ ചർച്ചകളും

നൂറിലധികം പ്രബന്ധങ്ങളുടെ അവതരണവും നടക്കും.

&&&&&&&&&&&&&&&&&&

## AMIT SHAH SAHKAR SAMVAAD (INTRO)

രാജ്യത്ത് ഒട്ടകത്തെ പരിപാലിക്കുന്ന ക്ഷീരകർഷകരിൽ നിന്ന് പാൽ ശേഖരിച്ച് കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനുള്ള പദ്ധതി ഗുജറാത്ത്, രാജസ്ഥാൻ സർക്കാരുകൾ സംയുക്തമായി നടത്തിവരുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. രാജ്യത്തെ നാല് ആയുർവേദ കമ്പനികൾ ഒട്ടകപ്പാലിന്റെ ഔഷധഗുണങ്ങൾ സംബന്ധിച്ച് പരീക്ഷണങ്ങൾ നടത്തുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര സഹകരണ വർഷത്തോടനുബന്ധിച്ച് ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിലെ സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വനിതകളും തൊഴിലാളികളുമായും സംവദിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## KERALA-STRIKE

സംയുക്ത പ്രതിപക്ഷ ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്ത രാജ്യവ്യാപക പണിമുടക്കിന് കേരളത്തിൽ സമ്മിശ്ര പ്രതികരണം. പണിമുടക്ക് പൊതുഗതാഗത സേവനങ്ങളെ സാരമായി ബാധിച്ചു. പണിമുടക്കിന് മുന്നോടിയായി സംസ്ഥാന സർക്കാർ ഒരു ദിവസത്തേക്ക് ഡയസ്നോൺ പ്രഖ്യാപിച്ചിരുന്നു. ജോലിക്ക് ഹാജരാകാത്ത ജീവനക്കാർക്ക് ഇന്നത്തെ ശമ്പളം ലഭിക്കില്ല. സംസ്ഥാനത്ത് മിക്ക കടകളും സ്ഥാപനങ്ങളും അടഞ്ഞുകിടന്നു. സ്വകാര്യ വാഹനങ്ങൾ നിരത്തിലിറങ്ങി. അവശ്യ സർവീസുകളെ പണിമുടക്കിൽ നിന്ന് ഒഴിവാക്കിയിരുന്നു. സർവകലാശാലകൾ പരീക്ഷകൾ മാറ്റിവച്ചു. പണിമുടക്കുമായി ബന്ധപ്പെട്ട് സമരാനുകൂലികൾ നടത്തിയ ആക്രമണം അന്വേഷിക്കണമെന്ന് സമരത്തിൽ നിന്ന് വിട്ടുനിന്ന ബി.എം.എസ് അനുകൂല സംഘടനകൾ പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

ദേശീയപണിമുടക്കിന്റെ പേരിൽ നടന്ന അക്രമങ്ങൾ സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചു വിടാനെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ആരോപിച്ചു. 24 മണിക്കൂർ പണിമുടക്ക് ഇന്ന് അർദ്ധരാത്രി വരെ നീണ്ടുനിൽക്കും.

&&&&&&&&&&&&&&&&&&

## LNCPE – MOS NIKHIL KHADSE

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിൽ തിരുവനന്തപുരം കാര്യവട്ടത്തുള്ള സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ - ലക്ഷ്മിഭായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ പുതിയ മെഡിക്കൽ സെന്ററിൻ്റെ ഉദ്ഘാടനം നാളെ കേന്ദ്ര കായിക സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ നിർവ്വഹിക്കും. തുടർന്ന് മികച്ച കായികതാരങ്ങൾ, പരിശീലകർ തുടങ്ങിയവരെ കേന്ദ്ര സഹമന്ത്രി ആദരിക്കും. കളരിപ്പയറ്റ്, തായ്ക്വോണ്ടോ, യോഗ, വോളിബോൾ എന്നിവയുടെ പ്രദർശവും ഉണ്ടാകും.

&&&&&&&&&&&&&&&&&&

## KEAM – HIGH COURT

കേരളത്തിൽ, കീം പരീക്ഷാഫലം ഹൈക്കോടതി റദ്ദാക്കി. പരീക്ഷയുടെ പ്രോസ്പെക്ടസ് പുറത്തിറക്കിയശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. ജസ്റ്റിസ് ഡി കെ സിങ്ങിൻറേതാണ് ഉത്തരവ്. ഹൈക്കോടതി വിധിയിൽ കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ തുടർ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി ആർ ബിന്ദു വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## AMIT SHAH

ബിജെപി മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും. ഈ മാസം 12 ന് ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം ഉദ്ഘാടനം ചെയ്യുന്ന ശ്രീ ഷാ പുത്തരിക്കണ്ടം മൈതാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യും. ബിജെപി സംസ്ഥാന നേതൃയോഗത്തിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## IAF-PLANE CRASH

രാജസ്ഥാനിലെ ചുരു ജില്ലയ്ക്ക് സമീപം ഇന്ത്യൻ വ്യോമസേനയുടെ ജാഗ്വാർ യുദ്ധവിമാനം തകർന്ന് രണ്ട് പൈലറ്റുമാർ മരിച്ചു. പരിശീലന ദൗത്യത്തിടെയായിരുന്നു അപകടം. അപകടത്തിന്റെ കാരണം കണ്ടെത്താൻ പ്രത്യേക അന്വേഷണസംഘത്തെ

നിയോഗിച്ചതായി വ്യോമസേന അറിയിച്ചു.

&&&&&&&&&&&&&&&&&&

## RUSSIA-UKRAINE ATTACKS

പടിഞ്ഞാറൻ യുക്രൈനിൽ റഷ്യ കനത്ത വ്യോമാക്രമണം നടത്തിയതായി റിപ്പോർട്ട്. അതേസമയം ആക്രമണത്തെ ശക്തമായി പ്രതിരോധിച്ചതായി യുക്രൈൻ വ്യോമസേന അവകാശപ്പെട്ടു. യുക്രൈന് വ്യോമ പ്രതിരോധ സംവിധാനങ്ങൾ വിതരണം ചെയ്യുന്നത് താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള തീരുമാനത്തിൽ നിന്ന് യു.എസ് പിന്മാറുമെന്ന് പ്രഖ്യാപിച്ചതിന് പിന്നാലെയാണ് റഷ്യൻ ആക്രമണം.

&&&&&&&&&&&&&&&&&&

## NIPAH - KERALA (INTRO)

കേരളത്തിൽ നിപ വ്യാപനത്തിനെതിരെ കർശന ജാഗ്രത തുടരുന്നു. ഇന്ന് മലപ്പുറം കോട്ടക്കലിൽ നിപ ഹൈ റിസ്ക് സമ്പർക്ക പട്ടികയിലുണ്ടായിരുന്ന സ്ത്രീ മരിച്ചു. ഇവരുടെ പരിശോധനാ ഫലം നെഗറ്റീവാണ്.

വിശദാംശങ്ങളിലേക്ക് .............

(വോയിസ്)

## NIPAH - KERALA (VOICE)

മങ്കടയിൽ നിപ ബാധിച്ച് മരിച്ച പെൺകുട്ടിക്കൊപ്പം തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലുണ്ടായിരുന്ന പരപ്പനങ്ങാടി സ്വദേശിയായ സ്ത്രീയാണ് ഇന്ന് മരിച്ചത്. നിപ സ്ഥിരീകരിച്ച പാലക്കാട് സ്വദേശിനി നിലവിൽ കോഴിക്കോട് ഐസിയുവിൽ ചികിത്സയിലാണ്. നിലവിൽ 485 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളത്. മലപ്പുറം ജില്ലയിൽ 192 പേരും കോഴിക്കോട് 114 പേരും പാലക്കാട് 176 പേരും എറണാകുളത്ത് 2 പേരും, കണ്ണൂരിൽ ഒരാളുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്.

ന്യൂസ് ഡെസ്ക് ആകാശവാണി..........

&&&&&&&&&&&&&&&&&&

## IND VS ENG TEST CRIC

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് നാളെ വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും. ലോർഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30 നാണ് മത്സരം. ഇരുടീമുകളും പരമ്പരയിലെ ഓരോ മത്സരങ്ങൾ വീതം വിജയിച്ചിട്ടുണ്ട്. ഈ മാസം 24 നാണ് നാലാം മത്സരം.

&&&&&&&&&&&&&&&&&&

## WOMENS T20 INTERNATIONAL

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ നടക്കും. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ നിലവിൽ 2–1 ന് മുന്നിലാണ്. പരമ്പരയിലെ അവസാന മത്സരം ഈ മാസം 12 ന് ബിർമിങ്ഹാമിൽ നടക്കും.

&&&&&&&&&&&&&&&&&&

## MOBILE PASSPORT SEVA VAN

തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസ്, മൊബൈൽ പാസ്പോർട്ട് സേവാ വാനുകൾ വിന്യസിക്കുന്നു. നാളെ തിരുവനന്തപുരം കളക്ടറേറ്റ് പരിസരത്ത് ജില്ലാ കളക്ടർ അനുകുമാരിയും റീജിയണൽ പാസ്പോർട്ട് ഓഫീസർ ജീവ മരിയ ജോയും ചേർന്ന് ഉദ്ഘാടനം നിർവ്വഹിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അപേക്ഷകർക്ക് സേവനം ലഭ്യമാകും.

&&&&&&&&&&&&&&&&&&

## V MURALEEDHARAN

ചാരവൃത്തി കേസിൽ അറസ്റ്റിലായ വ്ളോഗർ ജ്യോതി മൽഹോത്രയെ കൊണ്ടുവന്ന പി.ആർ ഏജൻസിക്കെതിരെ സംസ്ഥാന സർക്കാർ നടപടിയെടുക്കണമെന്ന് മുൻ കേന്ദ്ര പാർലമെൻററി കാര്യ സഹമന്ത്രി വി.മുരളീധരൻ. എന്ത് നടപടിക്രമം പാലിച്ചാണ് ഇത്തരം എജൻസികളുമായി ധാരണയിൽ എത്തുന്നത് എന്ന് സർക്കാർ വിശദീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## RANA-JUDICIAL CUSTODY EXTEND

മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ തഹാവൂർ റാണയുടെ ജുഡീഷ്യൽ കസ്റ്റഡി ഡൽഹി കോടതി ഓഗസ്റ്റ് 13 വരെ നീട്ടി. എൻ.ഐ.എ റാണയ്ക്കെതിരെ അനുബന്ധ കുറ്റപത്രം സമർപ്പിച്ചിരുന്നു. റാണയുടെ അറസ്റ്റ് മെമ്മോയും മറ്റ് രേഖകളും ഉൾപ്പെടുന്നതാണ് കുറ്റപത്രം.

&&&&&&&&&&&&&&&&&&

## PIB - MEDIA SEMINAR

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല നാളെ കണ്ണൂർ തളിപ്പറമ്പിൽ നടക്കും . പിഐബി, കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി ശിൽപ്പശാല ഉദ്ഘാടനം ചെയ്യും, കണ്ണൂർ ജില്ലാ അസിസ്റ്റന്റ് കളക്ടർ എഹ്തെദ മുഫസിർ ചടങ്ങിനെ അഭിസംബോധന ചെയ്യും. പദ്മശ്രീ പുരസ്കാര ജേതാവ് ഇ.പി.നാരായണൻ പെരുവണ്ണാൻ, മുതിർന്ന മാധ്യമ പ്രവർത്തകനായ വി ബി പരമേശ്വരൻ എന്നിവരെ ആദരിക്കും .

&&&&&&&&&&&&&&&&&&

## US COURT-TRUMP

യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന് അനുകൂല വിധിയുമായി യു.എസ് സുപ്രീം കോടതി. ഫെഡറൽ ജോലികൾ വെട്ടിക്കുറയ്ക്കൽ നടപടികളുമായി മുന്നോട്ട് പോകാൻ ട്രംപ് ഭരണകൂടത്തെ സുപ്രീം കോടതി അനുവദിച്ചു. ശതകോടീശ്വരൻ എലൺ മസ്ക് നേതൃത്വം നൽകിയിരുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷ്യൻസി നടത്തിയ പിരിച്ചുവിടലുകളെ

തടഞ്ഞുകൊണ്ടുള്ള കീഴ്ക്കോടതി വിധികൾ ഇതോടെ അസാധുവായി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&